28.01.2019

# കുറിപ്പ്

16.01.2019-ന് വൈകുന്നേരം 5:00 മണിക്ക് തിരുവനന്തപുരം സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, റൂം നമ്പർ 149, ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 2-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗീകാരത്തിനായി ഇതോടൊപ്പം സമർപ്പിക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം
**(മെമ്പർ സെക്രട്ടറി)**

16/3/2019

പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ വകുപ്പ്
**(വൈസ് ചെയർമാൻ)**

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
**(ചെയർമാൻ)**

**A.C. MOIDEEN**
Minister for LSGD Department

"ഭരണ ഭാഷ – മാതൃഭാഷ"

**ഇൻഫർമേഷൻ കേരളാ മിഷൻ**

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

16.01.2019 -ന് വൈകുന്നേരം 5.00 മണിക്ക് തിരുവനന്തപുരം സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, റൂം നമ്പർ149 , ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 2-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**യോഗത്തിൽ പങ്കെടുത്തവർ**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ.എ.സി.മൊയ്തീൻ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | **ചെയർമാൻ** |
| 2 | ശ്രീ.ടി.കെ.ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **വൈസ് ചെയർമാൻ** |
| 3 | ശ്രീ. എച്ച് ദിനേശൻ., പഞ്ചായത്ത് ഡയറക്ടർ | **മെമ്പർ** |
| 4 | ശ്രീ.ആർ.സുഭാഷ്, പ്രസിഡന്റ്, കേരള ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ | **മെമ്പർ** |
| 5 | ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ, കൗൺസിൽ പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ | **മെമ്പർ** |
| 6 | ശ്രീ.വി.കെ.മധു, ചെയർമാൻ, കേരള ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ | **മെമ്പർ** |
| 7 | ശ്രീമതി.കെ.എസ്.ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 8 | ശ്രീ.ഋഷികേശ് നായർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. ടെക്നോപ്പാർക്ക് | **മെമ്പർ** |
| 9 | ശ്രീമതി.ആശ വർഗ്ഗീസ്, ഡയറക്ടർ ( എ & എഫ്) കുടുബശ്രീ | **മെമ്പർ** |
| 10 | ശ്രീ.ബി.കെ.ബാലരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് | **മെമ്പർ** |
| 11 | ശ്രീ.കെ.പി.ജോസഫ്, ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഗ്രാമ വികസന കമ്മീഷണറേറ്റ് | **മെമ്പർ** |
| 12 | ഡോ.എസ് ചിത്ര, ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | **മെമ്പർ** |
| 13 | ശ്രീ.അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 14 | ശ്രീ ഡോ.എസ് ചിത്ര, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |

ഐ.കെ.എമ്മിന്റെ രണ്ടാമത്തെ ഗവേണിംഗ് ബോഡി യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും, ഐ.കെ.എം ഗവേണിംഗ് ബോഡി വൈസ് ചെയർമാനുമായ ശ്രീ.ടി.കെ.ജോസ് സ്വാഗതം ചെയ്തു.

കഴിഞ്ഞ 3 വർഷമായി ഐ.കെ.എമ്മിന്റെ ഗവേണിംഗ് ബോഡി കൂടിയിട്ടില്ല എന്ന വിഷയം ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ഉന്നയിച്ചു. ആയതിൽ യോഗം കടുത്ത അതൃപ്തി രേഖപ്പെടുത്തി മേലിൽ ഇത് ആവർത്തിക്കരുതെന്ന് താക്കീതും നൽകി.

ഐ.കെ.എമ്മിന്റെ പ്രവർത്തനങ്ങൾ ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് വിലയിരുത്തുന്നതും, അതിനനുസൃതമായി വേണ്ട മാറ്റങ്ങൾ വരുത്തുന്നതും നന്നായിരിക്കും എന്ന് യോഗം വിലയിരുത്തി. വേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

അടുത്ത ഗവേണിംഗ് ബോഡി യോഗം മുതൽ അജണ്ട, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ, സോഫ്റ്റ്‌വെയർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എന്നിവ പ്രസന്റേഷനായി പ്രദർശിപ്പിക്കേണ്ടതും, ആയതിൻമേൽ ചർച്ച നടത്തേണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.

ധനകാര്യ വകുപ്പ് പ്രതിനിധി ഐ.കെ.എം ആഡിറ്റ് സംബന്ധമായ വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി.

ഐ.കെ.എമ്മിലെ ഫിനാൻസ് ഓഫീസറെ സെക്രട്ടേറിയേറ്റിലെ ധകാര്യ വകുപ്പിൽ നിന്ന് തന്നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണമെന്നും, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ അല്ല നിയമിക്കേണ്ടതെന്നും യോഗം നിർദ്ദേശിച്ചു.

ഐ.കെ.എമ്മിന്റെ വെബ്സൈറ്റ് കാലാനുസൃതമായി മാറ്റംവരുത്തി Informative ആയി പരിഷ്കരിക്കാൻ യോഗം നിർദ്ദേശിച്ചു. ഇതിനായി ഒരു പ്രത്യേക ടീമിനെ നിയോഗിക്കാനും തീരുമാനിച്ചു.

കോഴിക്കോട് കോർപ്പറേഷനിൽ ഉൾപ്പെടെ ജനസേവന കേന്ദ്രങ്ങളുമായി ഐ.കെ.എമ്മിന്റെ പ്രോപ്പർട്ടി ടാക്സ് ആപ്ലിക്കേഷൻ (സഞ്ചയ) Integrate ചെയ്ത് ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള സൗകര്യം 2019 ഫെബ്രുവരി 15 നുള്ളിൽ നടപ്പിലാക്കാനായി പ്രോജക്റ്റ് മാനേജറെ ചുമതലപ്പെടുത്താൻ യോഗം തീരുമാനിച്ചു.

ഐ.കെ.എം ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട അനോമലികൾ എല്ലാം തന്നെ ഐ.കെ.എം ഡയറക്റുടെ ശുപാർശയോടുകൂടി ഗവേണിംഗ് ബോഡിയിൽ ഉൾപ്പെടുത്തി തീരുമാനിക്കാൻ യോഗം നിർദ്ദേശിച്ചു.

കോർപ്പറേഷനുകളിൽ ഉൾപ്പെടെയുള്ള തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും 100% നികുതി ഇ-പെയ്മെന്റ് മുഖേന ഓൺലൈനായി പിരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് യോഗം നിർദ്ദേശിച്ചു.

<u>അജണ്ട-1</u>

**വിഷയം: 2014-15, 2015-16 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2014-15, 2015-16 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് യോഗം വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം: 2016-17, 2017-18 എന്നീ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2016-17, 2017-18 എന്നീ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി അടുത്ത ഗവേണിംഗ് ബോഡിയിൽ അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദ്ദേശിച്ചു.

1. പ്രവർത്തന റിപ്പോർട്ടിനോടൊപ്പം പ്രസ്തുത വർഷത്തെ ആഡിറ്റ് ചെയ്ത കണക്കുകൾ കൂടി ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

നടപടി: അക്കൗണ്ട്സ് ഓഫീസർ | സമയപരിധി: 15.02.2019

2. വാർഷിക റിപ്പോർട്ടിൽ പ്രസ്തുത കാലയളവിൽ ഡെവലപ്പ് ചെയ്ത സോഫ്റ്റ്‌വെയറുകൾ ഏതൊക്കെയാണെന്നും, ആയതിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണെന്നും ഉൾപ്പെടുത്തേണ്ടതാണ്.

നടപടി: ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ) | സമയപരിധി: 15.02.2019

**അജണ്ട-3**

**വിഷയം: 2017-2018 വർഷത്തിൽ കൈവരിച്ച പ്രധാനപ്പെട്ട നേട്ടങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

വിശദമായ റിപ്പോർട്ട് അടുത്ത ഗവേണിംഗ് ബോഡിയിൽ ചർച്ച ചെയ്യുന്നതിനായി മാറ്റിവച്ചു.
ഐ.കെ.എം ഡെവലപ്പ് ചെയ്തതും, തദ്ദേശ ഭരണസ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നിലവിൽ പ്രവർത്തിക്കുന്നതുമായ സോഫ്റ്റ്‌വെയറുകളുടെ ഒരു പ്രസന്റേഷൻ (PPT) തയ്യാറാക്കി അടുത്ത ഗവേണിംഗ് ബോഡി യോഗത്തിൽ അവതരിപ്പിക്കാൻ യോഗം നിർദ്ദേശിച്ചു. ആയതിൽ പ്രസ്തുത കാലയളവിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ കൂടി ഉൾപ്പെടുത്താനും യോഗം നിർദ്ദേശം നൽകി.

നടപടി: ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ) | സമയപരിധി: 15.02.2019

**അജണ്ട-4**

**വിഷയം: 2018-19 ലേക്ക് നിർദ്ദേശിക്കുന്ന പരിപാടി, ബഡ്ജറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2018-19 ലെ ബഡ്ജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. അടുത്ത വർഷത്തെ ബഡ്ജറ്റ് (2019-20) 2019 മാർച്ചിനു മുമ്പ് തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അടുത്ത ഗവേണിംഗ് ബോഡിയിൽ സമർപ്പിക്കാൻ യോഗം നിർദ്ദേശിച്ചു.

നടപടി: അക്കൗണ്ട്സ് ഓഫീസർ സമയപരിധി: 15.02.2019

**അജണ്ട -5**

**വിഷയം: 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2014-15, 2015-16 എന്നീ വർഷങ്ങളിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ താഴെ പറയുന്ന നിബന്ധനകളോടെ അംഗീകരിച്ചു.

1. 3 മാസത്തിൽ കൂടുതലായിട്ടുള്ള അഡ്വാൻസുകൾ ഉടൻ തന്നെ Settle ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.
2. ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള ഐ.കെ.എമ്മിന്റെ മറുപടി സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന് ധനകാര്യവകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. 2014-15, 2015-16, എന്നീ വർഷങ്ങളിലെ ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള മറുപടി ഐ.കെ.എമ്മിന്റെ അഭിപ്രായകുറിപ്പോടുകൂടി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ യോഗം നിർദ്ദേശിച്ചു.

നടപടി: അക്കൗണ്ട്സ് ഓഫീസർ സമയപരിധി: 15.02.2019

**അജണ്ട -6**

**വിഷയം: 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2016-17 വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള ഐ.കെ.എമ്മിന്റെ മറുപടി, പ്രസ്തുത

വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ഉൾപ്പെടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അടുത്ത ഗവേണിംഗ് ബോഡിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

നടപടി: അക്കൗണ്ട്സ് ഓഫീസർ

സമയപരിധി: 15.02.2019

**അടുത്ത ഗവേണിംഗ് ബോഡി യോഗം 2019 മാർച്ച് 14 ന് കൂടുന്നതിന് തീരുമാനിച്ചു.**

**യോഗം 6.30 ന് അവസാനിച്ചു.**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**ശ്രീ.എ.സി.മൊയ്തീൻ**
**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**
**(ചെയർമാൻ)**